(സി) കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര ഹെക്ടർ കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട് ;

(ഡി) കണ്ടൽക്കാടുകളുടെ നശീകരണം തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി കണ്ടൽ ചെടികളുടെ ഉത്പാദനം, കണ്ടൽ ചെടികൾ നട്ടുപിടിപ്പിക്കുക, കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, അനുബന്ധ പ്രദേശങ്ങളിലെ ഗ്രാമവാസികൾക്കായി ക്ഷേമ പ്രവർത്തനങ്ങൾ, ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള കണ്ടൽ ചെടികളുടെ വിതരണം, കണ്ടൽ സാമീപ്യ പ്രദേശത്തെയും ജലാശയങ്ങളിലേയും മാലിന്യ നിർമ്മാർജ്ജനം, സ്വകാര്യ കണ്ടലുടമകൾക്ക് പാരിതോഷികം നൽകുക, തുടങ്ങിയ നടപടികളാണ് നടത്തി വരുന്നത്.

(ബി) സംസ്ഥാനത്ത് ഏകദേശം 1650 ഹെക്ടർ കണ്ടൽക്കാടുകൾ ഉണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

(സി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏകദേശം 24.5 ഹെക്ടർ കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെട്ടതായി കണക്കാക്കുന്നു.

(ഡി) കണ്ടൽക്കാടുകളുടെ നശീകരണം തടയുന്നതിന് കർശന നടപടി സ്വീകരിക്കും.

കാട്ടുതീയുടെ വ്യാപനം തടയുന്നതിന് നടപടി

222(929) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വേനൽ കനത്തതോടെ കാട്ടുതീ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വേനൽക്കാലത്ത് ഇതുവരെ എത്ര വിസ്തൃതി വനം കാട്ടുതീയിൽ നശിച്ചുവെന്ന് അറിയിക്കുമോ ;

(സി) കാട്ടുതീയിൽ നിന്ന് വനത്തെ സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ :

(ഡി) പ്രകൃതിയെ അപകടത്തിലാക്കുന്ന കാട്ടുതീയുടെ വ്യാപനം ഫലപ്രദമായി തടയുന്നതിന് ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വേനൽക്കാലത്ത് ചില വനങ്ങളിൽ കാട്ടുതീയുണ്ടായതായി വനം ഡിവിഷനുകളിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ഈ വർഷം ഇതുവരെയായി 50 ഹെക്ടറോളം സ്ഥലത്ത് കാട്ടുതീയുണ്ടായതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുന്നതിന് ഫയർ ലൈൻ നിർമ്മിക്കുക, ഫയർ വാച്ചർമാരെ നിയോഗിക്കുക, നിയന്ത്രണ കത്തിക്കൽ നടത്തുക, ഫയർ ഗാങ്ങുകളെ സംഘടിപ്പിക്കുക, എക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ, വന സംരക്ഷണ സമിതികൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക, ഫയർ വാച്ച് ടൗവറിൽ നിരീക്ഷകരെ നിയോഗിക്കുക, കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുന്നതിനുള്ള ബോധവൽക്കരണം വിവിധ ദൃശ്യമാധ്യമങ്ങളിലൂടെ നടത്തുക തുടങ്ങിയവയാണ് കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള പ്രധാന മാർഗ്ഗങ്ങൾ.

(ഡി) കഴിഞ്ഞ ഏതാനും വർഷങ്ങളായി ജനപങ്കാളിത്തത്തിൽ ഊന്നിക്കൊണ്ടുള്ള വനസംരക്ഷണ പ്രവർത്തനങ്ങളാണ് വനം വകുപ്പ് നടത്തിവരുന്നത്. ഈ വർഷവും പൊതുജനങ്ങൾക്കിടയിൽ എക്കോ-ഡവലപ്മെന്റ് കമ്മിറ്റി, വനസംരക്ഷണ സമിതി എന്നിവ വഴിയും വനം വകുപ്പ് നേരിട്ടും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

**വനഭൂമി കൈയേറ്റത്തിനെതിരായ നടപടികൾ**

**223(930)** ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമികയ്യേറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) എത്ര ഹെക്ടർ വനഭൂമി ഈ സർക്കാർ വന്നതിനു ശേഷം വനം വകുപ്പിന് തിരിച്ചുപിടിക്കുവാൻ കഴിഞ്ഞെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പട്രോളിംഗ് നടത്തിയും, വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വന പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും കയ്യാല സ്ഥാപിച്ചും സംരക്ഷിച്ച് വരുന്നു. കയ്യേറപ്പെട്ട 141.51 ഏക്കർഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരിച്ച് പിടിച്ചിട്ടുണ്ട്. കൂടാതെ റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ

LIBRARY ARCHIVES Kerala Legislative Assembly